# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3674 10.04.2013 ലെ മറുപടിക്ക്

## "ഫ്രണ്ട് ഓഫീസ്" സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്:<br>,, മോൻസ് ജോസഫ് :<br>,, റ്റി.യു. കുരുവിള : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) ഗ്രാമ പഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ "ഫ്രണ്ട് ഓഫീസ്" സംവിധാനം ഏർപ്പെടുത്തുമോ ; | (എ) പുതുതായി രൂപീകരിച്ച ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കാൻ ഉദ്ദേശിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ബി) ഇൻഫർമേഷൻ കേരള മിഷൻ മുഖേന എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ഫയലുകളുടെ നിജസ്ഥിതി അറിയുന്നതിനുള്ള സൂചിക സോഫ്റ്റ്‌വെയർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ഫയൽ ട്രാക്കിംഗിനുള്ള |

സൂചിക, പദ്ധതി മോണിറ്ററിംഗിനുള്ള സുലേഖ, സിവിൽ രജിസ്ട്രേഷനുള്ള സേവന (സിവിൽ രജിസ്ട്രേഷൻ), ഡബിൾ എൻട്രി അക്കൗണ്ടിംഗിനുള്ള സാംഖ്യ, വിവിധ ഇനം വരുമാന സ്രോതസ്സുകൾ കൈകാര്യം ചെയ്യുന്ന സഞ്ചയ, സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനുള്ള സേവന (പെൻഷൻ), കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട സങ്കേതം, സ്ഥാപന (ജീവനക്കാരുടെ സേവന വേതന വിശദാംശങ്ങൾ),സഞ്ചിത (പഞ്ചായത്ത്രാജ്-മുനിസിപ്പൽ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയടങ്ങിയ ഇലക്ട്രോണിക് വിജ്ഞാന കോശം), സംവേദിത (തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ്), സുഗമ (പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ) സചിത്ര (ആസ്തി) (ആസ്തി രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം), സചിത്ര (GIS) (കഡസ്ട്രൽ ഭൂപടങ്ങൾ), സകർമ്മ (കൗൺസിൽ/ കമ്മിറ്റികളുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ തുടങ്ങിയവ കൈകാര്യം

ചെയ്യുന്നതി നുള്ള ആപ്ലിക്കേഷൻ.) സുഭദ്ര (ബഡ്ജറ്റ്, ധനകാര്യ മാനേജ്മെന്റ് എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ) എന്നീ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ചാണ് പ്രവർത്തിപ്പിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിലേക്കായി സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേക്ക് നിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ